ഭരണഭാഷ - മാതൃഭാഷ

സാജു പി.യു. ഐ എഫ് എസ്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
**(PEN.163712)**

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം
കോതമംഗലം വനം ഡിവിഷൻ
കോതമംഗലം- 686 691
ഫോൺ: 0485 - 2822317 (O)
*E-mail: dfo-kglm.for@kerala.gov.in*

**KFDDO/28586/2023-DFOKGLM A3**

**തീയതി: 21.02.2025**

സ്വീകർത്താവ്

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
ഹൈറേഞ്ച് സർക്കിൾ
കോട്ടയം

സർ,

വിഷയം :- വെള്ളക്കയം മൈക്രോ ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്റ്റ് –0.138 ഹെക്ടർ വനഭൂമി പരിവർത്തനം ചെയ്യുന്നത് –സംബന്ധിച്ച്

സൂചന :-
1 വനംവന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 31.01.2025 തീയതിയിലെ C3/74/2023-FWLD നമ്പർ കത്ത്.
2 അങ്ങയുടെ 11.11.2024 തീയതിയിലെ C5 -1792/2022 നമ്പർ കത്ത്.
3. ഈ ഓഫീസിലെ 14.06.2024. 06.11.2024 തീയതികളിലെ ഇതേ നമ്പർ കത്തുകൾ.
4. മുള്ളരിങ്ങാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ 01.11.2023 ലെ എം1-168/2021 നമ്പർ കത്ത്.

മേൽ വിഷയത്തിലേയ്ക്കും സൂചനകളിലേയക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. വെള്ളക്കയം ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് ആവശ്യമായി വരുന്ന 0.138 ഹെക്ടർ ഭൂമിയിൽ 0.012 ഹെക്ടർ ഭൂമി 01.01.1977 ന് മുൻപ് വനഭൂമി കൈയ്യേറ്റം ക്രമീകരിച്ച് സ്പെഷ്യൽ റൂൾ 1993, 9(3) പ്രകാരം പട്ടയം നൽകിയ ഭൂമിയാണെന്ന് പരിവേഷ് പോർട്ടലിൽ അപ് ലോഡ് ചെയ്ത Site Inspection Report ൽ പരാമർശിച്ചിട്ടുണ്ട്. തുടർന്ന് ടി സ്ഥലം LA പട്ടയഭൂമിയാണോ എന്നതിൽ വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന (1), (2) കത്തുകൾ പ്രകാരം ആവശ്യപ്പെട്ടിരുന്നു. ടി സ്ഥലം ഡിവിഷൻ സർവ്വേയർ സർവ്വേ ചെയ്യുകയും റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ സൂചന (4) കത്ത് പ്രകാരം ടി സ്ഥലം പൂർണ്ണമായും വനഭൂമിയാണെന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി വിവരം സൂചന (3) കത്തുകൾ പ്രകാരം ഈ ഓഫീസിൽ നിന്നും അങ്ങേയ്ക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന വിവരം അങ്ങയുടെ അറിവിലേയ്ക്കായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. ടി കത്തുകളുടെ പകർപ്പ് ഒരിക്കൽക്കൂടി അങ്ങയുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ഉള്ളടക്കം - മേൽപ്പറഞ്ഞവ.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കോതമംഗലം

*E:\2025\A3\A3-28586 -24 dated 21.02.25 CCF HRC.docx*

**Saju P. U. IFS**
Divisional Forest Officer.
Pen 163712

Office of the Divisional Forest Officer,
**Kothamangalam - 686 691**
Phone: 0485 – 2822317 (O)
*E-mail: dfo-kglm.for@kerala.gov.in*

**KFDDO/28586/2023-DFOKGLM A3** **Dated:06.11.2024**

To

Chief Conservator of Forests,
High Range Circle,
Kottayam

Sir,

Sub :- Clarification Vellakkayam Micro Hydro Electric Project – Diversion of 0.138 Ha. Forest Land-reg

Ref :- 1 That office Lr.No.C5-1792/2022 dated 25.09.2024
2 Letter No.4-KLB1437/2023-BAN dated 15.03.2023 of MoEFC, Banglore.
3 FP/KL/HYD/44656/2021
4 Lr.No.FC1-226/2024 dated 22.02.24 &15.04.2024 of the Secretary, Vannappuram GramaPanchayath.
5 Lr No.M1-168/21 dated 01.11.2023 of Range Forest Officer, Mullaringad
6 Lr No.M1-168/2021 dated 05.11.2024 of Range Forest Officer, Mullaringad

Kind attention is invited to the subject and reference cited above. I am submitting clarification sought vide ref(1) regarding the Vellakayam Micro Hydro Electric Project through Parivesh Portal requesting 0.138Ha for the diversion of forest land as follows.

| Sl No | Query | Reply /Remarks |
|---|---|---|
| 1 | The work regarding the above project is seen started before getting approval under section 2 of Forest (Conservation) Act,1980. Hence a detailed report on violation including names of erring officials may kindly be furnished. | The initial construction activities of the project commenced in 2021 by the User Agency. However, the Mullaringad Range Officer issued a stop memo dtd 01.03.2021, resulting in a halt to the work. Upon reviewing the NOC issued to the user agency, it was found that the Vannapuram Grama Panchayath had granted permission as per the decision taken in meeting on 09.02.2018 under section 218 and its sub-sections of the Panchayath Raj Act, 1994, to utilize the government land(Thodu Purambokku). Therefore, the User Agency's commencement of work in 2021 was in compliance with the NOC obtained from the Grama Panchayath. |

| | | |
|---|---|---|
| | | Consequently the User Agency submitted an application for permission to construct the project called Vellakayam Micro Hydro Electric Project through Parivesh Portal requesting 0.138Ha for the diversion of forest land. A letter was sent to the Vannapuram Grama Panchayath requesting clarification regarding the issuance of NOC for Vellakayam Project in which land is in Reserve Forest. According to the reply of Vannapuram Grama Panchayath it is stated that under section 218 and its sub-sections of the Panchayath Raj Act, 1994, the waterways, streams, canals and any adjoining land belongs to Grama Panchayath and based on this clause Sri. Y Sleebachan was given permission.<br>Range Forest Officer Mullaringad has reported the name of the then Secretary of Vannapuram Grama Panchayath **Sri. V.A Augustine** who issued the NLC to the user agency (Sri. Sleebachan), as the person responsible for the violation of Forest Conservation Act 1980 . |
| 2 | The land bought by the User Agency from previous occupants whose patta was issued in 2009 under regularization of forest encroachment rules 1993, Kerala Land Assignment(Regularization of occupation of forest land prior to 01.01.1977 Special Rules 1993) had stipulated that a person in whose favor regularization of encroachment is to be done shall not be authorized to sell these areas. | As per reference (5), Mullaringad Range Forest Officer has reported that the land identified for the said project is not Patta land, the land comes under Thodupuzha Reserve in Mullarigad Range. Thus the land requested for diversion is fully Forest Land. |

The above information is submitted for your information and further action.

Yours faithfully

Divisional Forest Officer
Kothamangalam

വരുൺ ഡാലിയ ഐ എഫ് എസ്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
**(PEN.911860)**

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്
കോതമംഗലം വനം ഡിവിഷൻ
കോതമംഗലം- 686 691
ഫോൺ: 0485 - 2822317 (O)
*E-mail: dfo-kglm.for@kerala.gov.in*

**KFDDO/28586/2023/DFOKGLM A3** **തീയതി: 14.06.2024**

സ്വീകർത്താവ്

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
ഹൈറേഞ്ച് സർക്കിൾ, കോട്ടയം

സർ,

വിഷയം : വെള്ളക്കയം മൈക്രോ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് - 0.138 ഹെക്ടർ വനഭൂമി പരിവർത്തനം ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന :
1. FP/KL/HYD/44656/2021
2. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ 15.03.2023 ലെ 4-KLB1437/2023-BAN നമ്പർ കത്ത്
3. അങ്ങയുടെ 18.04.2023-ലെ സി5-1792/22 നമ്പർ കത്ത്. മോണിട്ടറിംഗ്
4. മുള്ളരിങ്ങാട് റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ 01.11.2023 ലെ M1-168/21 നമ്പർ കത്ത്
5. വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.02.2024 ലെ എസ്.സി.1-226/24 നമ്പർ കത്ത്

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. വെള്ളക്കയം മൈക്രോ ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ട് എന്ന പദ്ധതിയുടെ നിർമാണത്തിനുള്ള അനുമതിക്കായി ശ്രീ. വൈ സ്ലീബാച്ചൻ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയതു പഞ്ചായത്ത് കമ്മിറ്റി പരിഗണിക്കുകയും GO(Rt)25/2012/PD dated 03.10.2012 ലെ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ടും ബന്ധപ്പെട്ട മറ്റ് വകുപ്പുകളിൽനിന്നുള്ള ക്ലീയറൻസ് വാങ്ങി ടി പദ്ധതി പ്രസ്തുത സ്ഥലത്തു നടപ്പിലാക്കുന്നതിന് പഞ്ചായത്തിന് ആക്ഷേപമില്ല എന്ന നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചിട്ടുള്ളതാണ് എന്ന് പഞ്ചായത്തു അധികൃതർ അറിയിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് അധികൃതരുടെ വിശദീകരണം ലഭിച്ചതിൽ, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 218-ാം വകുപ്പും ഉപവകുപ്പുകളും പ്രകാരം പഞ്ചായത്തിന്റെ പരിധിയിലുള്ള ജല മാർഗങ്ങളും മറ്റും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ് എന്നും ടി വകുപ്പിലെ അധികാരം ഗ്രാമപഞ്ചായത്തുകൾക്കുള്ളതിനാലും വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഇതുൾപ്പെടെയുള്ള തോടുകളിൽ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് പല നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതിനാലും ടി തോടിന്റെ ഇരുവശങ്ങളിലും പട്ടയം ലഭിച്ച കൃഷി സ്ഥലങ്ങളും വീടുകളും ഉള്ളതിനാലുമാണ്, ശ്രീ വൈ.സ്ലീബാച്ചൻ എന്നയാൾക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിനു അനുമതി നൽകിയിട്ടുള്ളതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1994ൽ നിലവിൽ വന്ന പഞ്ചായത്ത് രാജ് ആക്ടിൽ തങ്ങളുടെ അധികാര പരിധിയിൽപ്പെടുന്ന ഭൂമിയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ടെങ്കിലും ടി സ്ഥലത്ത് നിലവിൽ 1980 ലെ വനസംരക്ഷണ നിയമ പ്രകാരം റിസേർവ് സ്റ്റാറ്റസ് ഉള്ള വനഭൂമിയെക്കുറിച്ച് പരാമർശിക്കുന്നില്ല. കേന്ദ്ര സർക്കാരിന്റെ 1980 ലെ വനസംരക്ഷണ നിയമം അനുസരിച്ച് റിസേർവ് സ്റ്റാറ്റസ് ഉള്ള വനഭൂമി റിസേർവ് ഭൂമിയായി തന്നെ തുടരുന്നതാണ് . മേൽ സാഹചര്യത്തിൽ വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് അധികൃതരുടെ മറുപടി സ്വീകാര്യമല്ല. വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിൽ 09.02.2018 ൽ കൂടിയ കമ്മറ്റിയിൽ ഉൾപ്പെട്ട അംഗങ്ങളുടെ പേരുവിവരം ആവശ്യപ്പെട്ടതിൽ മേൽ യോഗത്തിൽ പങ്കെടുത്ത വാർഡ് മെമ്പർമാരുടെ പേരു വിവരങ്ങളാണ് പഞ്ചായത്ത് അധികൃതർ ലഭ്യമാക്കിയിരിക്കുന്നത്. ആയത് ഉള്ളടക്കം ചെയ്യുന്നു. കമ്മിറ്റിയിൽ മേൽ പദ്ധതിക്ക് അനുമതി നൽകിയ സെക്രട്ടറി, പ്രസിഡന്റ് തുടങ്ങിയവരുടെ പേരുവിവരങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് 06 .05 .2024 ൽ പഞ്ചായത്തിന് കത്ത് നല്കിയിട്ടുള്ളതാണ്.

കൂടാതെ സൂചന (4) പ്രകാരം, പ്രസ്തുത പദ്ധതിക്കായി കണ്ടെത്തിയ ഭൂമി പട്ടയഭൂമിയല്ലെന്നും തൊടുപുഴ റിസർവിൽ വരുന്ന വനഭൂമിയാണെന്നും മുള്ളരിങ്ങാട് റേഞ്ച് ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ വിവരങ്ങൾ അങ്ങയുടെ അറിവിനും അനന്തര നടപടികൾക്കുമായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

ഉള്ളടക്കം:മേൽ പറഞ്ഞത്

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കോതമംഗലം

\\Desktop-2\e\2024\A3\KFDDO-28586-2023-DFOKGLM A3- to ccf hrc new 28.05.2024.doc

emailed on 15.6.24 (11.14 am)